**ST. THOMAS ORTHODOX CATHEDRAL**
**DUBAI - U.A.E.**



# ദുബായ് സെന്റ്തോമസ് കത്തീഡ്രലിൽ കഷ്ടാനുഭവവാര ശുശ്രൂഷകൾ

**ദുബായ്:** സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ കഷ്ടാനുഭവവാര ശുശ്രൂഷകൾക്ക് ഒരുക്കങ്ങൾ പൂർത്തിയായി.

മാർച്ച് 22 വെള്ളി രാവിലെ 7.15 ന് കാതോലിക്കാ ദിനാഘോഷത്തോടനുബന്ധിച്ച് പതാക ഉയർത്തും. 7.30 ന് പ്രഭാതനമസ്കാരം, തുടർന്ന് 40-ാം വെള്ളിയുടെ വിശുദ്ധ കുർബ്ബാനക്ക് ഇടുക്കി ഭദ്രാസനാധിപൻ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പൊലീത്ത മുഖ്യകാർമികത്വം വഹിക്കും.

മാർച്ച് 23 ശനി വൈകിട്ട് 6.30നു ഊശാന ശുശ്രൂഷകൾ ആരംഭിക്കും. ഊശാന ശുശ്രൂഷകൾക്ക് നിലയ്ക്കൽ ഭദ്രാസനാധിപൻ ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പൊലീത്ത മുഖ്യകാർമികത്വം വഹിക്കും. വൈകിട്ട് 6.30 നു സന്ധ്യാനമസ്കാരം, തുടർന്ന് വിശുദ്ധ കുർബാനയും ഊശാനശുശ്രൂഷകളും നടക്കും.

മാർച്ച് 24 ഞായർ വൈകിട്ട് 6.30നു സന്ധ്യാനമസ്കാരം. തുടർന്ന് വചനിപ്പ് പെരുന്നാളിന്റെ വിശുദ്ധകുർബാന.

മാർച്ച് 27 ബുധൻ വൈകിട്ട് 6.30 നു സന്ധ്യാനമസ്കാരം തുടർന്ന് രാത്രി നമസ്കാരവും, പെസഹാശുശ്രൂകളും നടക്കും.

28 വ്യാഴം വൈകിട്ട് 7 ന് കാൽകഴുകൽ ശുശ്രൂഷ നടക്കും. മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പൊലീത്ത മുഖ്യകാർമികത്വം വഹിക്കും.

29 വെള്ളി രാവിലെ 7.30 മുതൽ വൈകിട്ട് 4 വരെ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകൾ നടക്കും. മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പൊലീത്ത മുഖ്യകാർമികത്വം വഹിക്കും. ദുഃഖവെള്ളി നമസ്കാരം, ധ്യാനം, കബറടക്ക ശുശ്രൂഷകൾക്ക് ശേഷം കഞ്ഞിനേർച്ച നടക്കും.

30 ശനി രാവിലെ 10.30 നു നമസ്കാരം, തുടർന്ന് ദുഃഖശനിയാഴ്ചയുടെ വിശുദ്ധകുർബ്ബാന.

വൈകിട്ട് 6.30 നു ഈസ്റ്റർ ശുശ്രൂഷകൾ ആരംഭിക്കും.

6.30 നു സന്ധ്യാനമസ്കാരം, രാത്രി നമസ്കാരം തുടർന്ന് മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പൊലീത്തയുടെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധകുർബാന, ഈസ്റ്റർ ശുശ്രൂഷകൾ.

മാർച്ച് 25 തിങ്കൾ, 26 ചൊവ്വ ദിവസങ്ങളിൽ വൈകിട്ട് 7.30നു സന്ധ്യാനമസ്കാരം, തുടർന്ന് ധ്യാനപ്രസംഗം മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പൊലീത്ത, മലങ്കര സഭാമാസിക ചീഫ് എഡിറ്റർ ഫാ. തോമസ് പി. മുകളിൽ എന്നിവർ നേതൃത്വം നൽകും.

കഷ്ടാനുഭവ ശുശ്രൂഷകളുടെ ഒരുക്കങ്ങൾ പൂർത്തിയായതായി വികാരി ഫാ. ടി.ജെ. ജോൺസൻ, അസിസ്റ്റന്റ് വികാരി ഫാ. ബിജു ദാനിയേൽ, ഇടവക സെക്രട്ടറി ബാബുജി ജോർജ് എന്നിവർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് 04337 11 22 എന്ന നമ്പരിൽ ബന്ധപ്പെടുക

***Paul George Poovatheril***
***050-5457397***

P. O. Box: 2563, DUBAI, United Arab Emirates
Tel: +9714 337 1122 • Fax: +9714 335 2252 • E-mail: stthomas@emirates.net.ae